# മഹാത്മാഗാന്ധി സർവകലാശാല

## (സംഗ്രഹം)

**പിഎച്ച്.ഡി. പ്രോഗ്രാം - ആയുഷ് വിജ്ഞാനശാഖകളിൽ ഗവേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**അക്കാദമിക് AX സെക്ഷൻ**

**സ.ഉ.നം.6176/2017/AX/3/അക്കാദമിക്** **തീയതി:20.10.2017**

പരാമർശം: (1) യു.ജി.സി. സെക്രട്ടറിയുടെ 26.10.2016 തീയതിയിലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ F. 14-12/2016 (CPP-II)
(2) 25.09.2017 തീയതിയിൽ കൂടിയ അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗ നടപടിക്കുറിപ്പ് ഇനം.നം. 01.
(3) ഫയൽ നമ്പർ Ac AX/3/AYUSH/2016.

## ഉത്തരവ്

കേന്ദ്രസർക്കാരിന്റെ ആയുഷ് മന്ത്രാലയത്തിൽ നിന്നും ആയുഷ് വിജ്ഞാന ശാഖകളിൽ സർവ്വകലാശാലകളിൽ ഗവേഷണം ആരംഭിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് യു.ജി.സി. സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് യു.ജി.സി.സെക്രട്ടറി ആയുഷ് വിഷയങ്ങളായ ആയുർവേദം, യോഗ & നാചറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയിൽ സർവകലാശാലയിൽ ഗവേഷണം തുടങ്ങണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കത്തയച്ചിരുന്നു.

25.09.2017 തീയതിയിൽ ചേർന്ന അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മറ്റി ഈ വിഷയം പരിഗണിക്കുകയും പരാമർശം (2) പ്രകാരം സർവ്വകലാശാലയിലെ സയൻസ് പഠന വകുപ്പുകളിലും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് വകുപ്പിലും ഇന്റർ ഡിസിപ്ലിനറിയായി ആയുഷ് വിജ്ഞാന ശാഖകളിൽ ഗവേഷണം നടത്തുന്നതിന് അനുമതി നൽകുന്നതിന് ശുപാർശ നൽകുകയും ചെയ്തു. കൂടാതെ, യോഗ, നാചറോപ്പതി വിഷയത്തിൽ ഇന്റർ ഡിസിപ്ലിനറിയായി ഗവേഷണം നടത്തുന്നതിന് സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസിൽ അനുമതി നൽകുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശ 1985 മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് സെക്ഷൻ 3.10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു.വൈസ് ചാൻസിലർ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
സുകുമാരൻ ടി.ബി.
അസി. രജിസ്ട്രാർ (അക്കാദമിക വിഭാഗംI)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:-
1. വി.സി.യുടെ പി.എസ്/പി.വി.സി.യുടെ പി.എസ്.
2. രജിസ്ട്രാറുടെ പി.എ./കൺട്രോളറുടെ പി.എ.
3. റിസർച്ച് ഡയറക്ടർ
4. ജെ.ആർ. II/ ഡി.ആർ.I/എ.ആർ.I
5. Ac AXI/Ac AII സെക്ഷനുകൾ
6. EB X/EBXIV സെക്ഷനുകൾ
7. Ac C സെക്ഷൻ
8. റെക്കോർഡ്സ് സെക്ഷൻ
9. കണ്ടന്റ് മാനേജ്മെന്റ് സെൽ
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ